# കുവൈത്തിൽ വെച്ചു നടക്കുന്ന 10-ാമത് ഏഷ്യൻ കോഓപ്പറേഷൻ ഡയലോഗിൽ ഇന്ത്യൻ സംഘത്തെ മന്ത്രി അഹമ്മദ് നയിക്കും

ഒക്ടോബർ 10-11 തിയ്യതികളിൽ കുവൈത്തിൽ വെച്ച് നടക്കുന്ന 10-ാമത് ഏഷ്യൻ കോഓപ്പറേഷൻ ഡയലോഗ് (എ.സി.ഡി.) മന്ത്രിതല സമ്മേളനത്തിൽ പങ്കെടുക്കുന്ന ഇന്ത്യൻ പ്രതിനിധി സംഘത്തെ കേന്ദ്ര വിദേശ - മാനവ വിഭവ ശേഷി വകുപ്പ് മന്ത്രി ഇ. അഹമ്മദ് നയിക്കും. 10-ാം തിയ്യതി കുവൈത്തിലെ ബയാൻ പാലസിൽ വെച്ച് കുവൈത്ത് അമീർ ഷെയ്ക്ക് സബാ അൽ അഹമ്മദ് അൽ ജാബിർ അൽ സബാ ചടങ്ങ് ഉദ്ഘാടനം ചെയ്യും. വ്യത്യസ്ത സെഷനുകളിലായി ഏഷ്യൻ രാജ്യങ്ങൾക്കു മേൽ സാമ്പത്തിക പ്രതിസന്ധിയുടെ സ്വാധീനവും അതിനെ പ്രതിരോധിക്കാനുള്ള വഴികളും, നിക്ഷേപ സാധ്യതകളും ഏഷ്യൻ രാജ്യങ്ങളുടെ ക്ഷേമത്തിനായി പ്രകൃതി വിഭവങ്ങളുടെ ഉപയോഗവും, സാങ്കേതികവിദ്യ, ഗതാഗതം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടക്കും.

2002-ൽ ഇന്ത്യയടക്കം 18 അംഗങ്ങളുമായി ആരംഭിച്ച എ.സി.ഡി.യിൽ ഇപ്പോൾ 31 അംഗങ്ങളുണ്ട്. 10 ദക്ഷിണ പൂർവ ഏഷ്യൻ (ആസിയാൻ) രാജ്യങ്ങളും ചൈന, ജപ്പാൻ, കൊറിയ, മംഗോളിയ എന്നീ നാലു ഉത്തരപൂർവ ഏഷ്യൻ രാജ്യങ്ങളും ഇന്ത്യ, ബംഗ്ലാദേശ്, ഭൂട്ടാൻ, പാക്കിസ്ഥാൻ, ശ്രീലങ്ക എന്നീ അഞ്ചു ദക്ഷിണേഷ്യൻ രാജ്യങ്ങളും ബഹറൈൻ, ഇറാൻ, കുവൈത്ത്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യു.എ.ഇ. എന്നീ പശ്ചിമേഷ്യൻ രാജ്യങ്ങളും കസഖ്സ്ഥാൻ, തജിക്കിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ, ഖിർകിസ്ഥാൻ എന്നീ മധ്യേഷ്യൻ രാജ്യങ്ങളും റഷ്യൻ ഫെഡറേഷൻ രാജ്യങ്ങളും അടങ്ങുന്നതാണ് എ.സി.ഡി.

ഒമ്പതിന് കുവൈത്തിൽ എത്തുന്ന മന്ത്രി അഹമ്മദ് ഇന്ത്യൻ ബിസിനസ്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ അംബാസഡർ നടത്തുന്ന അത്താഴ വിരുന്നിൽ പങ്കെടുക്കും.

07.10.11